©
കേരള സർക്കാർ
Government of Kerala
2019

Regn.No. KERBIL/2012/45073
dated 05-09-2012 with RNI
Reg No.Kl/TV(N)/634/2018-20

# കേരള ഗസറ്റ്
# KERALA GAZETTE
## അസാധാരണം
## EXTRAORDINARY

ആധികാരികമായി പ്രസിദ്ധപ്പെടുത്തുന്നത്
PUBLISHED BY AUTHORITY

| | | | | |
|---|---|---|---|---|
| വാല്യം 8<br>Vol. VIII | തിരുവനന്തപുരം,<br>വെള്ളി<br>Thiruvananthapuram,<br>Friday | **2019 ഡിസംബർ 20**<br>20th December 2019<br>**1195 ധനു 4**<br>4th Dhanu 1195<br>**1941 അഗ്രഹായനം 29**<br>29th Agrahayana 1941 | നമ്പർ<br>No. | **3150** |


കേരള സർക്കാർ

**തദ്ദേശ സ്വയംഭരണ (ആർ.ഡി) വകുപ്പ്**

വിജ്ഞാപനം

സ.ഉ.(അച്ചടി)നമ്പർ 94/2019/ത.സ്വ.ഭ.വ

**എസ്. ആർ. ഒ. നമ്പർ 990/2019**

തിരുവനന്തപുരം, *20 ഡിസംബർ 2019*

1195 ധനു 4

1994–ലെ കേരള മുനിസിപ്പാലിറ്റി ആക്ട് (1994–ലെ 20) 130 എ വകുപ്പും 565–ാം വകുപ്പും കൂട്ടിവായിച്ച പ്രകാരം നൽകപ്പെട്ട അധികാരങ്ങൾ വിനിയോഗിച്ച്, കേരള സർക്കാർ,

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷനുമായി കൂടിയാലോചിച്ചതിനു ശേഷം, 1995 ഫെബ്രുവരി 17–ാം തീയതിയിലെ സ.ഉ.(അ) 28/95/തസ്വഭവ എന്ന നമ്പർ വിജ്ഞാപന പ്രകാരം പുറപ്പെടുവിച്ചതും 1995 ഫെബ്രുവരി 17–ാം തീയതിയിലെ 172–ാം നമ്പർ കേരള അസാധാരണ ഗസറ്റിൽ എസ്.ആർ.ഒ 228/95 –ാം നമ്പരായി പ്രസിദ്ധീകരിച്ചതുമായ 1995–ലെ കേരള മുനിസിപ്പാലിറ്റി (തിരഞ്ഞെടുപ്പ് നടത്തിപ്പ്) ചട്ടങ്ങൾ വീണ്ടും ഭേദഗതി ചെയ്യുന്നതിന്, താഴെ പറയുന്ന ചട്ടങ്ങൾ ഉണ്ടാക്കുന്നു, അതായത്:–

ചട്ടങ്ങൾ

1. ചുരുക്കപ്പേരും പ്രാരംഭവും.– (1) ഈ ചട്ടങ്ങൾക്ക് 2019–ലെ കേരള മുനിസിപ്പാലിറ്റി (തിരഞ്ഞെടുപ്പ് നടത്തിപ്പ്) ഭേദഗതി ചട്ടങ്ങൾ എന്ന് പേര് പറയാം.

(2) ഇത് ഉടൻ പ്രാബല്യത്തിൽ വരുന്നതാണ്.

2. ചട്ടങ്ങൾക്കുള്ള ഭേദഗതി.– 1995–ലെ കേരള മുനിസിപ്പാലിറ്റി (തിരഞ്ഞെടുപ്പ് നടത്തിപ്പ്) ചട്ടങ്ങളിൽ,–

(1) 35(എ) ചട്ടത്തിന്റെ (1)–ാം ഉപചട്ടത്തിൽ,–

(i) (സി) ഖണ്ഡത്തിൽ, "വോട്ടർപട്ടികയുടെ അടയാളപ്പെടുത്തിയ പകർപ്പിൽ അയാളെ വോട്ട് ചെയ്യാൻ അനുവദിച്ചു എന്ന് കാണിക്കാൻ സമ്മതിദായകന്റെ പേരിന് താഴെ വരയിടേണ്ടതും ആണ്" എന്ന വാക്കുകൾക്ക് പകരം "ഫോട്ടോ പതിച്ച വോട്ടർ പട്ടികയുടെ അടയാളപ്പെടുത്തിയ പകർപ്പിൽ അയാളെ വോട്ടു ചെയ്യാൻ അനുവദിച്ചു എന്ന് കാണിക്കാൻ അയാളെ സംബന്ധിക്കുന്ന ഉൾക്കുറിപ്പിന്റെ ഇടതുവശം താഴെ കോണിൽ നിന്നും മുകളിലേയ്ക്ക് വലത് മുകൾഭാഗത്തെ കോണുവരെ കുറുകെ വരയ്ക്കേണ്ടതാണ്;" എന്ന വാക്കുകൾ ചേർക്കേണ്ടതും;

(ii) (ഡി) ഖണ്ഡത്തിനു പകരം താഴെ പറയുന്ന ഖണ്ഡം ചേർക്കേണ്ടതാണ്,

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

അതായത്:– “(ഡി) വനിതാ സമ്മതിദായകരുടെ കാര്യത്തിൽ വോട്ടർപട്ടികയുടെ അടയാളപ്പെടുത്തിയ പകർപ്പിൽ പ്രസ്തുത വോട്ടറെ സംബന്ധിക്കുന്ന ഉൾക്കുറിപ്പിന്റെ ക്രമ നമ്പറിനു ചുറ്റും ഒരു വൃത്തം കൂടി വരയ്ക്കേണ്ടതാണ്.”

(2) 55–ാം ചട്ടത്തിന് ശേഷം താഴെപ്പറയുന്ന ചട്ടം ചേർക്കേണ്ടതാണ്, അതായത് .–

"55 എ. വോട്ടിംഗ് യന്ത്രങ്ങളുടേയും മറ്റ് രേഖകളുടെയും സൂക്ഷിപ്പ് .– (1) തിരഞ്ഞെടുപ്പിന് ഉപയോഗിച്ച എല്ലാ ഇലക്ട്രോണിക് വോട്ടിംഗ് മെഷീനുകളും സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷൻ നിർദ്ദേശിക്കുന്ന പ്രകാരമുള്ള സൂക്ഷിപ്പിൽ വയ്ക്കേണ്ടതാണ്.

(2) തിരഞ്ഞെടുപ്പിൽ ടെൻഡേർഡ് ബാലറ്റായി ഉപയോഗിച്ചതായ ബാലറ്റ് പേപ്പറുകളുടെ പായ്ക്കറ്റുകളും വോട്ടർ പട്ടികയുടെ അടയാളപ്പെടുത്തിയ പകർപ്പുകളടങ്ങിയ പായ്ക്കറ്റും, വോട്ട് രജിസ്റ്ററടങ്ങിയ കവറും, മെമ്മറി ചിപ്പ് അടങ്ങിയ പായ്ക്കറ്റും തിരഞ്ഞെടുപ്പിനെ സംബന്ധിക്കുന്ന മറ്റ് എല്ലാ രേഖകളും ജില്ലാ തിരഞ്ഞെടുപ്പുദ്യോഗസ്ഥൻ സുരക്ഷിതമായ സൂക്ഷിപ്പിൽ വയ്ക്കേണ്ടതും ക്ഷമതയുള്ള ഒരു കോടതിയുടെ ഉത്തരവിൻപ്രകാരമല്ലാതെ അത്തരം പായ്ക്കറ്റുകൾ തുറക്കുകയോ അവയുടെ ഉള്ളടക്കം പരിശോധിക്കുകയോ ഏതെങ്കിലും വ്യക്തിയുടേയോ അധികാരസ്ഥാനത്തിന്റെയോ മുമ്പാകെ അവ ഹാജരാക്കുകയോ ചെയ്യാൻ പാടില്ലാത്തതും അവ മറ്റു വിധത്തിൽ കോടതി ഉത്തരവില്ലാത്തപക്ഷം ഫലപ്രഖ്യാപന തീയതി മുതൽ ഒരു വർഷകാലയളവിനുശേഷം സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷന്റെ അനുമതിയോടെ, നശിപ്പിക്കാൻ ഏർപ്പാടാക്കേണ്ടതുമാണ്.”

ഗവർണ്ണറുടെ ഉത്തരവിൻപ്രകാരം,

**റ്റി.കെ.ജോസ്,**

*അഡീഷണൽ ചീഫ് സെക്രട്ടറി.*

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

## വിശദീകരണക്കുറിപ്പ്

(ഇത് വിജ്ഞാപനത്തിൻെറ ഭാഗമാകുന്നതല്ല. എന്നാൽ അതിൻെറ പൊതു ഉദ്ദേശം വെളിപ്പെടുത്തുന്നതിന് ഉദ്ദേശിച്ചുകൊണ്ടുള്ളതാണ്.)

1995-ലെ കേരള മുനിസിപ്പാലിറ്റി (തിരഞ്ഞെടുപ്പ് നടത്തിപ്പ്) ചട്ടങ്ങളിലെ നിലവിലുള്ള ചട്ടം 35 എ യിലെ (സി) (ഡി) എന്നീ ഖണ്ഡങ്ങൾ ഫോട്ടോ പതിച്ച വോട്ടർപട്ടിക ഉപയോഗിച്ച് വോട്ടെടുപ്പ് നടത്തുന്നതിന് അനുയോജ്യമല്ല. ആയതിനാൽ പ്രസ്തുത ഖണ്ഡങ്ങൾ ഫോട്ടോ പതിച്ച വോട്ടർപട്ടിക ഉപയോഗിച്ചു വോട്ടെടുപ്പു നടത്തുന്നതിനുള്ള നടപടികൾക്ക് അനുയോജ്യമായി ഭേദഗതി ചെയ്യേണ്ടതുണ്ട്. അതുപോലെ തന്നെ തിരഞ്ഞെടുപ്പിന് ഉപയോഗിച്ച ബാലറ്റ്പെട്ടികളുടെയും മറ്റ് രേഖകളുടെയും സൂക്ഷിപ്പ് സംബന്ധിച്ച് വ്യവസ്ഥകൾ 1995-ലെ കേരള മുനിസിപ്പാലിറ്റി (തിരഞ്ഞെടുപ്പ് നടത്തിപ്പ്) ചട്ടങ്ങൾ 55-ാം ചട്ടത്തിൽ ഉണ്ടെങ്കിലും തിരഞ്ഞെടുപ്പിന് ഉപയോഗിച്ച വോട്ടിംഗ് യന്ത്രങ്ങളുടെയും മറ്റ് രേഖകളുടെയും സൂക്ഷിപ്പ് സംബന്ധിച്ച് നിലവിൽ വ്യവസ്ഥകൾ ഇല്ലാത്തതാണ്. തിരഞ്ഞെടുപ്പിൽ ഉപയോഗിച്ച വോട്ടിംഗ് യന്ത്രങ്ങളുടെയും മറ്റ് രേഖകളുടെയും സൂക്ഷിപ്പ് സംബന്ധിച്ച വ്യവസ്ഥകൾ 1995-ലെ കേരള മുനിസിപ്പാലിറ്റി (തിരഞ്ഞെടുപ്പ് നടത്തിപ്പ്) ചട്ടങ്ങളിൽ ചേർക്കുന്നതിലേയ്ക്ക് പ്രസ്തുത ചട്ടങ്ങൾ ഭേദഗതി ചെയ്യുന്നതിന് സർക്കാർ തീരുമാനിച്ചു.

മേൽപ്പറഞ്ഞ ലക്ഷ്യം നിറവേറ്റുന്നതിന് ഉദ്ദേശിച്ചുകൊണ്ടുള്ളതാണ് ഈ വിജ്ഞാപനം.

PUBLISHED BY THE SUPERINTENDENT OF GOVERNMENT PRESS
AT THE GOVERNMENT CENTRAL PRESS, THIRUVANANTHAPURAM, 2019

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

Digitally signed by SHEELA M G
Date:2019.12.20 08:43:52 +05:30